LIBRARY ARCHIVES Kerala Legislative Assembly

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

37 (1411) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലഭ്യമായ കേന്ദ്ര ഫണ്ട് എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) അതിൽ പദ്ധതിക്കായി ഇതുവരെ ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുബന്ധം 1 * ആയി ചേർത്തിരിക്കുന്നു.

(ബി) അനുബന്ധം 2* ആയി ചേർത്തിരിക്കുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

38 (1412) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2013-14, 2014-15 വർഷങ്ങളിൽ സംസ്ഥാനത്ത് എത്ര തൊഴിൽ ദിനങ്ങളാണ് നൽകിയത് ;

(ബി) ഈ വർഷങ്ങളിൽ എത്ര തുക കൂലിയായി നൽകി ;

(സി) ഇതിൽ സംസ്ഥാന വിഹിതം എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2013-14 സാമ്പത്തിക വർഷത്തിൽ 865.94 ലക്ഷവും, 2014-15 സാമ്പത്തിക വർഷത്തിൽ 588.19 ലക്ഷം തൊഴിൽ ദിനങ്ങളും സൃഷ്ടിച്ചിട്ടുണ്ട്.

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2013-14 സാമ്പത്തിക വർഷം 130301.26 ലക്ഷം രൂപയും, 2014-15 സാമ്പത്തിക വർഷം 161653.51 ലക്ഷം രൂപയും അവിദഗ്ധ തൊഴിൽ കൂലിയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം, പദ്ധതിയിലെ അവിദഗ്ധ തൊഴിലാളികളുടെ കൂലി പൂർണ്ണമായും കേന്ദ്രസർക്കാരാണ് വഹിക്കുന്നത്.

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

39 (1413) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലെടുക്കുന്നവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി എന്തൊക്കെ പ്രഖ്യാപനങ്ങളാണ് ഇതുവരെ ബഡ്ജറ്റിലൂടെ നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) അവയിൽ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞു എന്ന് പറയാമോ;

(സി) അതിനായി എത്ര തുക അനുവദിച്ചു എന്നും എത്ര തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 2012-13-ലെ ബഡ്ജറ്റിൽ തൊഴിലുറപ്പ് പദ്ധതിയിൽ 2011-12 വർഷം 100 ദിവസം പണിയെടുത്ത സ്ത്രീ തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ആവശ്യത്തിന് 1,000 രൂപ നിരക്കിൽ ഒറ്റത്തവണ ധനസഹായം പ്രഖ്യാപിച്ചിരുന്നു. 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ, 100 ദിവസം തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന എല്ലാ തൊഴിലാളികൾക്കും ഒരു പുതിയ പെൻഷൻ പദ്ധതിയും 100 ദിവസം പണിയെടുത്ത എല്ലാ സ്ത്രീ തൊഴിലാളികൾക്കും 400 രൂപയിൽ അധികരിക്കാത്ത തുകയുള്ള ഓണക്കോടി വിതരണം ചെയ്യുമെന്നും പ്രഖ്യാപിച്ചിരുന്നു.

(ബി) 2012-13-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നതുപ്രകാരം, തൊഴിലുറപ്പ് പദ്ധതിയിൽ 2011-12 വർഷം 100 ദിവസം പണിയെടുത്ത കുടുംബങ്ങളിലെ 90 ദിവസം പണിയെടുത്ത സ്ത്രീ തൊഴിലാളികൾക്ക് 1,000 രൂപ നിരക്കിൽ ഒറ്റത്തവണ ധനസഹായം നൽകിയിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം, 100 ദിവസം പണിയെടുത്ത എല്ലാ സ്ത്രീ തൊഴിലാളികൾക്കും 400 രൂപയിൽ അധികരിക്കാത്ത തുകയുള്ള ഓണക്കോടി വിതരണം ചെയ്തിട്ടുണ്ട്.

LIBRARY. ARCHIVES Kerala Legislative Assembly